**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2481** **07-07-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് സംരംഭകർക്ക് നൽകി വരുന്നത്; | (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് വഴി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. സംരംഭക സഹായ പദ്ധതി (ESS)<br>2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br>3.ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി<br>4.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br>5.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി<br>6.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br>7.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.<br><br>2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>കൂടാതെ ചെറുകിട വ്യവസായ മേഖലയുടെ പുരോഗമനത്തിനായി താഴെപ്പറയുന്ന സേവനങ്ങളും വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. സംരംഭം ആരംഭിക്കാൻ ആവശ്യമായ ഭൂമി സംരംഭകർക്ക് ലഭ്യമാക്കുന്നതിനും അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്കുന്നതിനുമായി വ്യവസായ വകുപ്പ് വിവിധ ജില്ലകളിലായി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ട്.<br>2. കുറഞ്ഞ സ്ഥലത്ത് കൂടുതൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മുൻ |

നിർത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചു വരുന്നു.
3. സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു.
4. സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു.
5. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുകയും ചെയ്യുന്നു.

6. സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നല്കുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും മുൻഗണന നല്കിയിട്ടുണ്ട്.

7. സംരംഭം ഉടങ്ങുന്നതിനു വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ഏകജാലക പോർട്ടൽ.

8. 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്നും 3 വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു.

9. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന്

സഹായിക്കുന്നതിനായി ജില്ലകളിൽ എംഎസ്എംഇ എക്സിബിഷനുകൾ നടത്തി വരുന്നു. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനത്തിനായി അഗ്രോ ഫുഡ് പ്രൊയും നടത്തി വരുന്നു

10. വിവര സാങ്കേതിക വിദ്യയിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ സേവനങ്ങളും, പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്.

11. സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, വാണിജ്യ മേഖലയിലെ സുസ്ഥിര വികസനത്തിനും കേരളത്തിൽ നിന്നുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കായി ദേശീയ അന്തർ ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

12. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ കൊണ്ടുവന്നിട്ടുണ്ട്.
13. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999 -ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് 2021 ലെ ഭേദഗതി പ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.
14. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.
15. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു.
16. കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തി വരുന്നു. |
| (ബി) | പുതിയ സംരംഭകർക്ക് പ്രയോജനം ലഭ്യമാക്കാനുതകുന്നവിധം ഓരോ വർഷവും ആരംഭിച്ച ചെറുകിട വ്യവസായങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രസിദ്ധീകരണം വ്യവസായ വകുപ്പിന്റെ മേൽ നോട്ടത്തിൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | പ്രസിദ്ധീകരണം ഇല്ല. എന്നാൽ സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളുടെ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഓൺലൈൻ സംവിധാനമായ വ്യവസായ ജാലകം പോർട്ടൽ, ഓരോ വർഷവും സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങളുടെ കണക്കുകൾ ശേഖരിക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) സംവിധാനം, 2022-23 സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരശേഖരണത്തിനായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടൽ എന്നിവ വ്യവസായ വകുപ്പിന് കീഴിൽ  നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ